**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം.**

(ഹാജർ : ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്.)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (സാധാ) നം.07/2016/ഫിൻ തീയതി, 20.01.2016.
2) ഈ ആഫീസിലെ ഇതേ നമ്പരിലെ 17.03.2018-ലെ ഉത്തരവ്.
3) ഈ ആഫീസിലെ 22.05.2018, 09.07.2018, 13.8.2018, 31.10.2018. എന്നീ തീയതികളിലെ എസ് ബി (3) 20429/18 നമ്പർ ഉത്തരവുകൾ.

**ഉത്തരവ് നം.എസ് എ (2) 25748/2017 തീയതി, 21.01.2019**

പരാമർശം ഒന്നിലെ 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടുമാരുടെ ഹയർഗ്രേഡ് അനുപാതം 25%ത്തിൽ നിന്ന് 33% ആയി ഉയർത്തി 35700 - 75600 എന്ന പുതിയ ശമ്പളസ്കെയിലായി നിശ്ചയിച്ച് 01.04.2016 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് കൃഷി വകുപ്പിൽ ആകെയുള്ള 134 എണ്ണം ജൂനിയർ സൂപ്രണ്ടുമാരുടെ 33% ആയ 44 പേർക്ക് ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നുണ്ട്. ഇപ്രകാരം ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച 15 പേർക്ക് സീനിയർ സൂപ്രണ്ടായി 3-ാം സൂചനയിലെ ഉത്തരവ് പ്രകാരം റഗുലർ പ്രൊമോഷൻ ലഭിച്ചതിനാലും, ശ്രീ.വിൽഫ്രെഡ് സാഗരം, ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) 30.06.2018-ലും ശ്രീ.ടി.കെ.വിജയരാഘവൻ, ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) 31.07.2018-ലും സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ, ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ 17 ഒഴിവുകൾ നിലവിലുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഏറ്റവും സീനിയറായ 17 പേർക്ക്, സീനിയോറിറ്റി ക്രമത്തിൽ 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലെ 35700 – 75600 രൂപ ശമ്പളസ്കെയിലിൽ ഇതോടൊപ്പമുള്ള പട്ടികയിലെ കോളം നമ്പർ 7-ൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ പ്രാബല്യം വരുന്ന വിധത്തിൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ടി ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവരെല്ലാം നിലവിൽ സേവനത്തിലിരിക്കുന്ന ആഫീസിൽ / സ്റ്റേഷനിൽ തന്നെ തുടരുന്നതിനായി അവരുടെ തസ്തിക താല്ക്കാലികമായി ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് എന്ന് ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു.

ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് കെ എസ് ആർ ഭാഗം I ചട്ടം 28 എ പ്രകാരം ശമ്പള നിർണ്ണയത്തിനും കുടിശ്ശിക കൈപ്പറ്റുന്നതിനുമുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതിയിലോ അതിനുമുമ്പോ 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് (സീനിയർ സൂപ്രണ്ടിന്റെ സ്കെയിലിൽ) ലഭിച്ചവർക്ക് ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ടി ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡായി ഉദ്യോഗക്കയറ്റം ലഭിച്ചത് സംബന്ധിച്ചുള്ള വിവരവും, ശമ്പളം നിർണ്ണയിക്കുന്നുണ്ടെങ്കിൽ ടി വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ നിയന്ത്രണ ഉദ്യോഗസ്ഥൻ / ആഫീസ് മേലധികാരി താഴെപ്പറയുന്ന മാതൃകയിൽ രേഖപ്പെടുത്തേണ്ടതാണ്.

കൃഷി ഡയറക്ടറുടെ എസ് എ (2) 25748/2017-ാം നമ്പർ / /2018-ലെ ഉത്തരവ് പ്രകാരം ശ്രീ. / ശ്രീമതി ......................................, ജൂനിയർ സൂപ്രണ്ട് 35700 – 75600 സ്കെയിലിൽ ................................-ാം തീയതി മുതൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് ആയി ജി ഒ (പി) 07/2016/ഫിൻ 20.01.2016 ഉത്തരവിന് വിധേയമായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവായി. ടിയാന്റെ തസ്തിക താല്ക്കാലികമായി ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് എന്നാക്കിയിട്ടുണ്ട്.

ഈ ഉത്തരവ് കൃഷി വകുപ്പിന്റെ www.keralaagriculture.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയന്ത്രണ ഉദ്യോഗസ്ഥർ / ആഫീസ് മേലധികാരികൾ എന്നിവർ വെബ് സൈറ്റിൽ നിന്ന് ഉത്തരവ് ഡൗൺലോഡ് ചെയ്ത് കോപ്പി നൽകിയിരിക്കേണ്ടതും, അപ്രകാരം കോപ്പി ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് വാങ്ങി യഥാവിധി ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

**ഒപ്പ്**

**കാർഷിക വികസന കർഷക ക്ഷേമ -**

**വകുപ്പ് ഡയറക്ടർ**

ഉള്ളടക്കം :- 1) അനുബന്ധം - 1.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് - പ്രിൻസിപ്പൽ കൃഷി ആഫീസർ / മേലധികാരി മുഖേന

പകർപ്പ് :- എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.

കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മറ്റ് ആഫീസ് തലവൻമാർക്കും.

കൃഷി ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സീനിയർ ഫിനാൻസ് ആഫീസർ എന്നിവരുടെ സി എ-മാർക്ക്.

ഒഎം സെക്ഷന്.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐറ്റി സെല്ലിന് - കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

സംഭരണ ഫയൽ / അധികം.

എസ്.എ. 28/12.

Junior Superintendent
SA Section
Directorate of Agri.
Thiruvananthapuram

**അനുബന്ധം**

**കാർഷിക വികസന കർഷക ക്ഷേമവകുപ്പ്**

**ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷൻ**

(രൂപ 35700-75600)

**സർക്കാർ ഉത്തരവ് നം.ജി.ഒ(പി) 07/16/ഫിൻ തീയതി 20.01.2016 പ്രകാരം 25%ത്തിൽ നിന്നും 33% ത്തിലേക്ക് റേഷ്യോ ഉയർത്തിയതിന്റെ ഫലമായി നല്കുന്ന റേഷ്യോ പ്രൊമോഷൻ ഉത്തരവ് നമ്പർ എസ്.എ.(2) 25748/2017 തീയതി 21/01/2019.**

| ക്രമ നം. | ഒഴിവ് ഉണ്ടായ തീയതി | ഒഴിവ് നിലവിൽ വന്ന രീതി | ഉദ്യോഗക്കയറ്റം നല്കപ്പെടുന്ന ജൂനിയർ സൂപ്രണ്ടിന്റെ പേര്/ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് | ജനനതീയതി | ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് (35700-75600) കേഡറിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്ന പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 22.05.2018 | ശ്രീമതി ഇ.എം. ചന്ദ്രിക, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. ഗോപാലകൃഷ്ണൻ . കെ (പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ) | 24.03.1971 | 22.05.2018 | |
| | 22.05.2018 | ശ്രീ. ചാൾസ് അഗസ്റ്റിൻ, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. അരുൺ. ഡി (കരിനില വികസന ഏജൻസി, ആലപ്പുഴ) | 28.03.1972 | 22.05.2018 | |

| | | | | | | |
|---|---|---|---|---|---|---|
| | 05.2018 | ശ്രീ. അജയകുമാർ, ജൂനിയർ സൂപ്രണ്ട്(ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീമതി. ഇന്ദുലേഖ. ജി. എസ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്) | 30.05.1974 | 22.05.2018 | |
| 4 | 22.05.2018 | ശ്രീമതി. അജി കര്യൻ, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീമതി. ബിന്ദു. എസ്. (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്) | 10.05.1963 | 22.05.2018 | |
| 5 | 01.07.2018 | ശ്രീ. വിൽഫ്രെഡ് സാഗരം, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), 30.06.2018 -ന് വിരമിച്ച ഒഴിവ് | ശ്രീ. ദിലീപ്. എം. ജി. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട) | 20.05.1971 | 01.07.2018 | |
| 6 | 19.07.2018 | ശ്രീമതി. ഷെർളി. എസ്., ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ.മനോജ് വി. ചന്ദ്രൻ (ജില്ലാ കൃഷി ഫാം, മാവേലിക്കര) | 08.05.1965 | 19.07.2018 | |

| | | | | | | |
|---|---|---|---|---|---|---|
| | .07.2018 | ശ്രീ. സുരേഷ്. കെ. വി., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീമതി. ആനി ജോർജ്ജ്, (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം) | 29.11.1963 | 19.07.2018 | |
| 8 | 19.07.2018 | ശ്രീമതി. മണിയമ്മ. എൽ, ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീമതി. ഗീത എ. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ) | 30.05.1964 | 19.07.2018 | |
| 9 | 19.07.2018 | ശ്രീ. എം. ശ്രീകുമാരൻ, ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീമതി. വാസന്തിക പി. എ. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ) | 20.05.1966 | 19.07.2018 | |
| 10 | 19.07.2018 | ശ്രീ. സുരേഷ് ബാബു. പി, ജൂനിയർ സൂപ്രണ്ട് , സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. ലിജിൻ തോമസ് (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ) | 21.05.1970 | 19.07.2018 | |

| | | | | | | |
|---|---|---|---|---|---|---|
| [illegible] | [illegible].07.2018 | ശ്രീ. അജിത് ശങ്കർ. എസ്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. ജോർജ്ജ് വി. കെ. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ) | 14.12.1975 | 19.07.2018 | |
| 12 | 19.07.2018 | ശ്രീ. ജോസ് ഫിലിപ്പ്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. സജി രാജൻ (പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ) | 31.05.1966 | 19.07.2018 | |
| 13 | 19.07.2018 | ശ്രീമതി. പാർവ്വതിക്കുട്ടി. എം, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. വിജയൻ എം. പി. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, മലപ്പുറം) | 01.06.1966 | 19.07.2018 | |
| 14 | 19.07.2018 | ശ്രീമതി. മായ കെ. നായർ, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. ഗോപി. റ്റി. വി. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ) | 13.01.1967 | 19.07.2018 | |

| | | | | | | |
|---|---|---|---|---|---|---|
| | 08.2018 | ശ്രീ. ടി. കെ. വിജയരാഘവൻ, ജൂനിയർ സൂപ്രണ്ട്(ഹയർ ഗ്രേഡ്), 31.07.2018 -ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവ്. | ശ്രീ. ജയിംസ് ഗ്രിഗറി (പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി) | 18.05.1969 | 01.08.2018 | |
| 16 | 13.08.2018 | ശ്രീ. സോമരാജൻ. എസ്, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. പ്രദീപ് കുമാർ. പി. (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം) | 30.05.1972 | 13.08.2018 | |
| 17 | 31.10.2018 | ശ്രീ. ഉണ്ണികൃഷ്ണൻ പി. പി., ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചത്. | ശ്രീ. സുരേഷ്. ജെ. (ഫാം ഇൻഫർമേഷൻ ബ്യൂറോ,തിരുവനന്തപുരം) | 25.05.1970 | 31.10.2018 | |

(ഒപ്പ്)

ഡയറക്ടർ

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

Aj7-
28.12.18

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33